# ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
# പാലക്കാട്

തീയ്യതി : 24-10-2017

എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരുടെയും ശ്രദ്ധയ്ക്ക്

ജില്ലാ പഞ്ചായത്ത് ഹരിശ്രീ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തുന്ന **"ജാഗ്രത"** യുടെ ജില്ലാ തല പരിശീലനം 26-10-2017നു ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്നു. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ. ടി.കെ..നാരായണദാസ് നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ബിനുമോൾ അധ്യക്ഷത വഹിച്ചു.

"നിംഹാൻസ്"(ബംഗളൂർ) ലെ ഡോ.കവിത, എക്സ് സൈസ് ഡിവിഷനൽ ഇൻസ്പെക്ടർ ശ്രീ. സതീഷ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. "ജാഗ്രത" പ്രോജക്ടുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ നടപ്പിലാക്കേണ്ട പരിപാടികളെക്കുറിച്ച് വിജയശ്രീ ജില്ലാ കോർഡിനേറ്റർ ശ്രീ. എം.പി.ഗോവിന്ദരാജൻ വിശദീകരിച്ചു.

**ജാഗ്രത പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- സ്കൂളിലെ ഓരോകുട്ടിയ്ക്കും അവർ നേരിടുന്ന വിവിധ തരത്തിലുള്ള ചൂഷണങ്ങൾ തിരിച്ചറിയുനതിനും അക്കാര്യങ്ങൾ തുറന്ന് പറയുന്നതിനും ഉള്ള അവസരങ്ങൾ നൽകൽ

- പലതരത്തിലുള്ള മാനസികവും ശാരീരികവുമായ പീഢനങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തലും പരിഹാര നടപടികൾ സ്വീകരിക്കലും.

- ഗാർഹിക പ്രശ്നങ്ങൾ, പൊതുസമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സഹപാഠികളിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരിൽനിന്നും നേരിടുന്ന പ്രശ്നങ്ങൾ, തുടങ്ങിയവ മൂലം കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കുള്ള പിന്തുണാ സംവിധാനങ്ങൾ നൽകൽ
- അറിഞ്ഞോ അറിയാതെയോ ലഹരിപദാർത്ഥങ്ങൾക്ക് വശംവദരാകുകയോ അടിമപ്പെടുകയോ ചെയ്യുന്ന കുട്ടികളെ കണ്ടെത്തി അവരെ ജീവിതത്തിൻെറ മുഖ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ

- ആരോഗ്യവകുപ്പ്, സി.ഡ്യൂ.സി, ജുവനൈൽ ജസ്റ്റീസ് ബോർഡ്, സോഷ്യൽ ജസ്റ്റീസ് ഡിപാർട്ട്മെൻറ്, പൊലീസ്, എക്സ്സൈസ്, എന്നിങ്ങനെ, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പ്രാപ്തമായ സർക്കാർ ഏജൻസികളുടെ സേവനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കൽ

- ജാഗ്രതയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എനിവരുടെ കൂട്ടായ പ്രവർത്തനങ്ങൾക്കായി ജാഗ്രതാ സമിതികൾ രൂപവൽക്കരിക്കൽ

- ജാഗ്രതാ പ്രവർത്തനങ്ങളുടെ ജില്ലാ തലത്തിലുള്ള ഏകോപനവും മോണിറ്ററിംഗും നടത്തുന്നതിനാവശ്യമായ ജില്ലാതല ജാഗ്രത സമിതിയുടെ രൂപവൽക്കരണവും പ്രവർത്തനവും

"ജാഗ്രത" യുടെ ഭാഗമായി സ്കൂളുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം

1. നവംബർ 1 നു എല്ലാ സ്കൂളുകളിലും സ്കൂൾ ജാഗ്രതാ സമിതികൾ രൂപവൽക്കരിക്കണം
   ചെയർമാൻ : പി.ടി.എ പ്രസിഡൻറ്
   വൈസ് ചെയർപേഴ്സൺ : എം.പി.ടി .എ പ്രസിഡൻറ്
   കൺവീനർ : പ്രഥമാധ്യാപിക
   ജോയിൻറ് കൺവീനർമാർ :
   ജില്ലാ തലത്തിൽ പരിശീലനംനേടിയ ടീച്ചർ/ഒരു സീനിയർ ടീച്ചർ
   സ്കൂൾ ലീഡർ
   സ്കൂൾ പാർലമെൻറ് നിർദ്ദേശിക്കുന്ന ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും

2. ക്ലാസ് ഡിവിഷൻതല ജാഗ്രത സമിതികൾ (നവംബർ 7 നകം രൂപവൽക്കരിക്കണം)

   ചെയർമാൻ : ക്ലാസ്പി.ടി.എ പ്രസിഡൻറ്
   വൈസ് ചെയർപേഴ്സൺ : ക്ലാസ്എം.പി.ടി.എ പ്രസിഡൻറ്
   കൺവീനർ : ക്ലാസ് ടീച്ചർ
   ജോയിൻറ് കൺവീനർമാർ :
   ആ ക്ലാസിലെ ഒരു സീനിയർ ടീച്ചർ
   ക്ലാസ്ലീഡർ
   ക്ലാസ് നിർദ്ദേശിക്കുന്ന ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും
3. സ്കൂൾതല ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ( സ്കൂൾ അസംബ്ലിയിൽ വെച്ചു നടത്താം. നവംബർ 10 നകം )
4. ജാഗ്രതാ പരിശീലനം ലഭിച്ച ടീച്ചർ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ചും സ്കൂൾ അസംബ്ലിയിൽ ചുരുക്കി വിശദീകരിക്കണം
5. അധ്യാപകരുടെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യങ്ങൾ, ഏതൊരു കുട്ടിയ്ക്കും എഴുതി തയ്യാറാക്കി സ്കൂളിലെ വിവിധ ഭാഗങ്ങളിൽ വെച്ചിട്ടുള്ള ജാഗ്രത പെട്ടികളിൽ ഇടുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കണം
6. ഇത്തരം പെട്ടികൾ, സ്കൂൾ ജാഗ്രതാ സമിതി കൺവീനറുടെ ചുമതലയിൽ, ആഴ്ചയിൽ ഒരിക്കൽ തുറന്നു പരാതികൾ പരിശോധിക്കേണ്ടതാകുന്നു.
7. സ്കൂൾ ജാഗ്രതാ സമിതി മാസത്തിൽ ഒരു തവണ ചേരണം. ജാഗ്രതാ സമിതിയുടെ മിനുട്സ് കൺവീനർ സൂക്ഷിക്കേണ്ടതാകുന്നു.
8. കുട്ടികളുടെ പ്രശ്നങ്ങളുടെ രഹസ്യസ്വഭാവം കർശനമായും സൂക്ഷിക്കണം.
9. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്ത് ചുമതലകൾ വിഭജിക്കുന്നതിനായി പ്രത്യേകം സ്റ്റാഫ്മീറ്റിംഗ് ചേരണം
10. കുട്ടികൾക്ക് ആവശ്യമായ മോട്ടിവേഷൻ ക്ലാസുകൾ, കൗൺസലിംഗ്, രക്ഷിതാക്കൾക്കുള്ള കൗൺസലിംഗ്, അധ്യാപക ശാക്തീകരണം ,നിയമോപദേശങ്ങൾ എന്നിവ സ്കൂൾതൽത്തിൽ നടപ്പിലാക്കുന്നതിനായി വിദഗ്ദ്ധരുടെ സഹായം തേടണം
11. ആവശ്യമെങ്കിൽ ജില്ലാതലത്തിൽ ബന്ധപ്പെട്ടാൽ വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കാം.

ബന്ധപ്പെടേണ്ട നമ്പറുകൾ
ശ്രീ.എസ്.വി. രാമനുണ്ണി , കോർഡിനേറ്റർ ഹരിശ്രീ – 9400317972
ശ്രീ. എം.പി. ഗോവിന്ദരാജൻ കോർഡിനേറ്റർ, വിജയശ്രീ– 9447840023

(ഒപ്പ്)

ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ